# 2

മയ്യഴിപ്പുഴക്കും കോരപ്പുഴക്കും ഇടയിൽ കടത്തനാട്. ഇവിടുത്തെ രാജാവിനെ ഫ്രഞ്ചുകാരുടെ രേഖകളിൽ വടകര വാഴുന്നവർ (Bayanore), കടത്തനാട് രാജാവ് (Roi de Cartenate) എന്നൊക്കെ വിശേഷിപ്പിച്ചിരിക്കുന്നു. പതിനേഴാം ശതകംവരെയും കോലത്തിരി രാജാവിനോട് വിധേയത്വമുണ്ടായിരുന്ന വാഴുന്നവരുടെ ആസ്ഥാനം കുറ്റിപ്പുറ[1]മായിരുന്നു. ഏറാമലയിലും മയ്യഴിക്കടുത്തുള്ള അഴിയൂരിലും മുട്ടുങ്ങലിലുമൊക്കെ വാഴുന്നവർക്ക് അവകാശികളും ഉണ്ടായിരുന്നു. പുരാതനമായ അഴിയൂർ പരദേവതാ ക്ഷേത്രത്തിന്റെ ഐതിഹ്യത്തിൽ മയ്യഴിയും അഴിയൂരും തമ്മിലുള്ള ഭാഗം പിരിവിന്റെ ഒരു കഥയുണ്ട്.

കണ്ണംവെള്ളി നമ്പൂതിരി അഴിയൂർ ദേശത്തിന് അധിപതിയായിരുന്നു; ഒരു കാലത്ത്. പ്രബലരായ തണ്ടരപ്പള്ളി കുറുപ്പന്മാരുടെ കുടുംബത്തിലെ ഒരു സ്ത്രീയെയാണ് നമ്പൂതിരി പരിണയിച്ചത്. കുറേക്കാലം കഴിഞ്ഞപ്പോൾ നമ്പൂതിരി ദേശാടനത്തിനു പോയി. മനക്കലുണ്ടായിരുന്നവരും മാറി താമസിച്ചു. അഴിയൂർ ദേശം മുഴുവൻ തണ്ടരപ്പള്ളി കുറുപ്പിന്റെ അധീനതയിലുമായി. കുറുപ്പിന്റെ കുടുംബം ഐശ്വര്യത്തിൽ വളർന്നു. ചിറക്കൽ താലൂക്കിലെ ചുഴലി സ്വരൂപത്തിൽ ആയഞ്ചേരി നമ്പ്യാർമാരുടെ വംശത്തിൽ പെട്ട ഒരു സ്ത്രീയെയാണ് കുറുപ്പ് ഭാര്യയാക്കിയത്. എന്നാൽ കുറുപ്പ് ആഭിജാത്യത്തിൽ അൽപം താഴ്ന്നുപോയെന്ന കാരണത്താൽ അവരുടെ സന്തതികൾ ചുഴലി സ്വരൂപത്തിൽ അംഗീകരിക്കപ്പെട്ടില്ല. കുറുപ്പ് അവർക്ക് പ്രത്യേകം സ്ഥാനം തന്നെ നൽകാൻ തീരുമാനിച്ചു.

അഴിയൂർ ദേശം, കുറുപ്പ് രണ്ടായി ഭാഗിച്ചു. ഇപ്പോൾ മയ്യഴി എന്നറിയപ്പെടുന്ന ഭാഗം മരുമക്കൾക്കും, അഴിയൂർ എന്ന പേരിൽതന്നെയുള്ള ബാക്കി പ്രദേശം മക്കൾക്കും നൽകിയത്രേ. അതോടെ ആയഞ്ചേരി നമ്പ്യാന്മാർ അഴിയൂരിനും തണ്ടരപ്പള്ളിക്കാർ മയ്യഴിക്കും അവകാശികളായി. ഇതാണ് കഥ.[2] തണ്ടരപ്പള്ളിക്കുറുപ്പുമാരെക്കുറിച്ച് മയ്യഴിക്കുള്ളിലും ചില കഥകൾ പ്രചാരത്തിലുണ്ട്. തണ്ടരപ്പള്ളിക്കുറുപ്പ് മൂട കടത്തിയതുപോലെ എന്നൊരു ശൈലിപോലും പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. വെള്ളക്കാരെ ഭയപ്പെടുത്താൻ വേണ്ടിയുള്ള കുറുപ്പിന്റെ ഒരു സൂത്രമായിരുന്നു, 'മൂട കടത്തൽ'. നാലഞ്ചു മൂട നെല്ല് ഏതാനും നായർ പടയാളികളെക്കൊണ്ടു രാവിലെ മുതൽ വൈകുന്നേരം വരെയും കുറുപ്പ് തലയിലേറ്റി നടത്തിയത്രെ. മാളിയേമ്മൽ വെച്ചായിരുന്നു ഈ നാടകം അരങ്ങേറിയത്.

ഒരു പടയാളി തലയിൽ ഒരു മൂട നെല്ലുമായി മാളിയേമ്മൽ ഉയരമിറങ്ങി താഴെ വരും. അയാളെ തുടർന്നു മറ്റൊരാളും ഇതാവർത്തിക്കും. വേറൊരു വഴിയിലൂടെ ഇവർ വീണ്ടും ഉയരം കയറി താഴെ ഇറങ്ങും. പല തവണ ഇത് തടുരുമ്പോൾ കടലിൽ നങ്കൂരമിട്ട കപ്പലിലെ വെള്ളപ്പട്ടാളത്തിന് ഇവിടുത്തെ നായർ പടയാളികളുടെ അംഗസംഖ്യയെക്കുറിച്ച് അങ്കലാപ്പ് ഉണ്ടാകും. മയ്യഴിയിൽ ഇത്രയധികം നായർപടയോ? വെള്ളക്കാരൻ ആക്രമണത്തിൽനിന്ന് പിന്തിരിഞ്ഞു പോകുമെന്നായിരുന്നു കുറുപ്പിന്റെ കണക്കുകൂട്ടൽ.

ഫ്രഞ്ചുകാരുമായുള്ള തണ്ടരപ്പള്ളിക്കുറുപ്പിന്റെ ബന്ധത്തെ സംബന്ധിച്ച് കുറേ വിവരങ്ങൾ ഫ്രഞ്ച് രേഖകളിലുണ്ട്. കുറുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ കുരുമുളകും ഏലവും ഫ്രഞ്ചുകാർക്കാണ് നൽകിയിരുന്നത്. കുറുപ്പിന്റെ കുടുംബച്ചെലവിലേക്ക് ഒരു ഫാർദ്ദ്[3] നെല്ലും ഫ്രഞ്ചുകാർ അനുവദിച്ചിരുന്നു. തണ്ടരപ്പള്ളിക്കുറുപ്പിന് നൽകുന്ന ആനുകൂല്യങ്ങൾ തങ്ങൾക്കാണ് കിട്ടേണ്ടതെന്ന് 1765ൽ വടകര വാഴുന്നവർ ഫ്രഞ്ചുകാരെ അറിയിച്ചതായി കാണുന്നു. ഇതനുസരിച്ച് 1779വരെ വാഴുന്നവർ ഈ ആനുകൂല്യങ്ങൾ കൈപ്പറ്റി. 1785ൽ മയ്യഴി ഫ്രഞ്ചുകാർക്ക് തിരിച്ചുകിട്ടുമ്പോൾ വാഴുന്നവർ മൈസൂരിന്റെ അധീനതയിലായിരുന്നു.

തണ്ടരപ്പള്ളിക്കുറുപ്പും അതുപോലുള്ള നായർ നാടുവാഴികളും അവരുടെയൊക്കെ മേൽക്കോയ്മയായി നിന്നിരുന്ന വടകര വാഴുന്നവരും അധികാരമുറപ്പിച്ച കടത്തനാട്ടിൽ കുരുമുളകും ഏലവും ചന്ദനവും നാളികേരവും സുലഭമായി കിട്ടി. ഇവയെ ചുറ്റിപ്പറ്റിയാണ് അക്കാലത്തെ രാഷ്ട്രീയത്തിൽ മുഴുവൻ കളിയും നടന്നത്. വാഴുന്നവർക്ക് ആ കളിയിലുള്ള പങ്ക് ചെറുതൊന്നുമായിരുന്നില്ല. വാഴുന്നവരുടെ നാട്ടിലെ

ഏലം വളരെ മേന്മയേറിയതാണ്. ലോകത്തിലെ ഏറ്റവും നല്ല ഏലം എന്നാണ് ബ്രിട്ടീഷ് കച്ചവടക്കാരനായ അലക്സാണ്ടർ ഹാമിൽട്ടൺ പറയുന്നത്.

അലക്സാണ്ടർ ഹാമിൽട്ടൺ 1703 ജനുവരിയിൽ കൊച്ചിയിൽ നിന്ന് വാഴുന്നവരുടെ നാട്ടിലെത്തി ഏലക്കച്ചവടം നടത്തിയിട്ടുണ്ട്. 1707ൽ വീണ്ടും വന്നു. വാഴുന്നവർ പണി കഴിപ്പിച്ച ഒരു പുതിയ കപ്പൽ വിലയ്ക്കു വാങ്ങാനുള്ള ഉദ്ദേശ്യത്തോടെയാണ് രണ്ടാം തവണ എത്തിയത്. മയ്യഴിയിൽ വെച്ച് ഹാമിൽട്ടൺ വാഴുന്നവരുമായി കൂടിക്കാഴ്ച നടത്തി. കപ്പൽ കൊടുക്കാൻ വാഴുന്നവർ ഒരുക്കമാണ്. എന്നാൽ, പുതുതായി പണിതീർത്ത കപ്പലായതുകൊണ്ട് ഒരിക്കലെങ്കിലും അതിൽ കയറി വാഴുന്നവർക്ക് ഒരു യാത്ര നടത്തണം. എന്നിട്ടേ വില്പനക്ക് വെക്കുകയുള്ളു. പുഴയിലാണെങ്കിൽ കപ്പൽയാത്രക്ക് വെള്ളവും വേണ്ടത്ര ആയില്ല. അതിനിനിയും ദിവസങ്ങൾ പിടിക്കും. അത്രയും കാത്തിരിക്കാൻ ഹാമിൽട്ടന് സമയം ഉണ്ടായിരുന്നില്ല. അദ്ദേഹം തിരിച്ചുപോയി.

കപ്പൽ കച്ചവടത്തിന് വന്ന ഹാമിൽട്ടൺ വാഴുന്നവരുടെ വടകര കോവിലകത്തും സന്ദർശനം നടത്തിയിരുന്നു. അവിടെ താനറിയാതെ അദ്ദേഹം ഒരപരാധം കാണിച്ചു. വാഴുന്നവരുടെ പ്രജകളിലാരെങ്കിലുമാണ് ആ തെറ്റ് വരുത്തിയതെങ്കിൽ മരണശിക്ഷ ലഭിച്ചേനെ. 1739ൽ ഹാമിൽട്ടൺ എഴുതിയ A New Account of East Indies എന്ന പുസ്തകത്തിലെ ആ സംഭവം മലബാർ കലക്ടർ ആയിരുന്ന വില്യം ലോഗൻ മലബാർ മാന്വലിൽ ഉദ്ധരിച്ചിട്ടുണ്ട്.

“മുളയും മരവുംകൊണ്ട് നിർമ്മിച്ച് തെങ്ങോലകൊണ്ട് മേഞ്ഞ കോവിലകം വൃത്തിയും ശുചിത്വവും നിറഞ്ഞതായിരുന്നു. സ്വീകരണമുറിയിലേക്ക് ഹാമിൽട്ടൺ കാലുകുത്തിയതേയുള്ളു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ചട്ടത്തൊപ്പി മേൽപ്പുരയുടെ മച്ചിൽ തട്ടി. അക്കാലത്തെ ആചാരമനുസരിച്ച് കോവിലകം മുഴുവൻ അശുദ്ധമാകാൻ അത് മതിയായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് കോവിലകത്തിനടുത്തുപോലും വരാൻ പാടില്ലാത്ത കാലമാണ്. ഒരു വിദേശിയായതുകൊണ്ട് വാഴുന്നവർ ക്ഷമിച്ചു. പോരാഞ്ഞിട്ട് ഒരു സുഹൃത്തും. വാഴുന്നവർ ഹാമിൽട്ടന് മാപ്പു നല്കി. കോവിലകത്തിന്റെ മേൽപ്പുര പിന്നീട് നീക്കി പുതിയ ഓലകൊണ്ട് മേഞ്ഞ് ശുദ്ധിവരുത്തുകയും ചെയ്തു.”

മയ്യഴിയെക്കുറിച്ച് അവ്യക്തമെങ്കിലും വേറെയും പരാമർശങ്ങൾ ഹാമിൽട്ടന് മുമ്പ് ചില സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പെരിപ്ലസ്സ് ഓഫ് ദി എരിത്രിയൻ സീ ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രന്ഥമാണെന്ന് പറയപ്പെടുന്നു. ഈ ഗ്രന്ഥത്തിന്റെ കർത്താവിനെക്കുറിച്ചുള്ള

വിവരങ്ങൽ ഇന്നും അജ്ഞാതമാണ്. സ്വന്തം അനുഭവങ്ങളെ അടിസ്ഥാനമാക്കി കേരളത്തെക്കുറിച്ചെഴുതിയ ആദ്യത്തെ വിദേശസഞ്ചാരി ഈ അജ്ഞാതനായിരുന്നുവത്രെ.

പെരിപ്ലസ്സിന്റെ കർത്താവ് കേരളത്തിലെ തുറമുഖങ്ങളുടെ പേരുകൾ പറയുന്ന കൂട്ടത്തിൽ തിണ്ടിസിന് വടക്കുഭാഗത്തായി മെലസിഗാര (Melizerigara) എന്നൊരു ചെറിയ തുറമുഖം ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തിണ്ടീസ്, പന്തലായിനിക്കൊല്ലമാണെന്ന് ചരിത്രപണ്ഡിതന്മാർ പലരും അഭിപ്രായപ്പെട്ടിരിക്കെ, മെലിസിഗാര മയ്യഴിക്കര (മയ്യഴി) ആയിരിക്കാൻ സാദ്ധ്യതയുണ്ടെന്ന് ചരിത്രകാരനായ പ്രൊഫ. എം.പി. ശ്രീധരൻ അഭിപ്രായപ്പെടുന്നു.[4] എന്നാൽ മെലസിഗാര, ഇന്നത്തെ ജയ്ഗാർഹ് അഥവാ ജയ്ഘട്ട് ആണെന്ന് മുള്ളറെയും മാക്ക്രിൻഡലിനെയും ഉദ്ധരിച്ചുകൊണ്ട് പെരിപ്ലസ്സിന്റെ മലയാള പരിഭാഷ തയ്യാറാക്കിയ പി.കെ. പത്മനാഭൻ നായർ അവകാശപ്പെട്ടിട്ടുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ട് ആകുമ്പോഴേക്കും കേരളത്തിലെ ഓരോ നദീമുഖങ്ങളും ചെറിയ ചെറിയ തുറമുഖങ്ങളായി മാറിക്കഴിഞ്ഞിരുന്നു. പോർച്ചുഗീസ് സഞ്ചാരികൾ മൻജെയിം (Manjaim) മലാറിയം (Malarium) എന്നൊക്കെ അവരുടെ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്ന തുറമുഖവും മയ്യഴിയാണ്. കടത്തനാട്ടിൽതന്നെ ഉൾപ്പെടുന്ന മയ്യഴിക്ക് സമീപമുള്ള ചോമ്പാൽ എന്ന കടലോരഗ്രാമത്തെക്കുറിച്ചും ഇതിൽ പരാമർശിക്കുന്നു. ചോമ്പായി അഥവാ ചോമ്പാൽ പണ്ട് വാണിജ്യകേന്ദ്രമായിരുന്നു. തുറന്ന കടൽതീരമുള്ള ഈ തുറമുഖത്ത് വഞ്ചികൾ അടുക്കുന്നത് മുഖ്യമായും നാളികേരം കയറ്റാനാണത്രെ. ചോമ്പാൽ കടൽത്തീരത്തെ പല പറമ്പുകളുടെയും പേരുകൾ അവിടങ്ങളിലൊക്കെ ഒട്ടേറെ പാണ്ട്യാലകൾ ഉണ്ടായിരുന്നതായി സൂചനകൾ തരുന്നുണ്ട്. ചോമ്പാലിലെ കുഞ്ഞിപ്പള്ളി വളരെ പഴക്കംചെന്ന ഒരു മുസ്ലിം ആരാധനാലയമാണ്. അറബ് ഭാഷയിലുള്ള തുഹ്ഫത്തൂൽ മുജാഹിദ്ദീൻ എന്ന കേരളചരിത്രഗ്രന്ഥത്തിന്റെ കർത്താവ്, ശൈഖ് സൈനുദ്ദീൻ ക്രി.വ. 1583ൽ ചോമ്പാലിൽവെച്ച് നിര്യാതനായെന്നും കുഞ്ഞിപ്പള്ളി ശ്മശാനത്ത് കബറടക്കിയെന്നും ഐതിഹ്യമുണ്ട്. അദ്ദേഹം പൊന്നാനിയിൽവെച്ച് ഹിജറ 991ൽ മരിച്ചുവെന്ന് മറ്റൊരു അഭിപ്രായവും കാണാം.

ഇന്ത്യയിലെ പോർച്ചുഗീസ് ചരിത്രത്തിന്റെ ആരംഭത്തെക്കുറിച്ചും തെക്കെ ഇന്ത്യയിലെ ഭൂസ്ഥിതിയെപ്പറ്റിയും കേരളീയ ആചാരങ്ങളെക്കുറിച്ചും പല അറിവുകളും ശൈഖ് സൈനുദ്ദീന്റെ ഗ്രന്ഥം നൽകുന്നു. മയ്യഴി ചോമ്പാൽ എന്നിങ്ങനെയുള്ള പ്രദേശങ്ങളെക്കുറിച്ച് മിന്നിമറിയുന്ന വിവരണങ്ങൾ ഇങ്ങനെ അങ്ങുമിങ്ങും കാണുമെങ്കിലും മയ്യ

ഴിക്ക് ചരിത്രത്തിൽ ശാശ്വതപ്രതിഷ്ഠ ലഭിക്കുന്നത് 1721ൽ ഫ്രഞ്ചുകാരുടെ ആഗമനത്തോടെയാണ്. അതിന് കാരണമാക്കിയതോ? – കടത്തനാട്ടിൽ സമൃദ്ധമായി കിട്ടിയിരുന്ന കുരുമുളകും.

■

---

1. *ചരിത്രസ്മൃതികളുറങ്ങുന്ന കുറ്റിപ്പുറം കോവിലകം ഈയിടെ ലേലം ചെയ്തു വിറ്റു. (1982)*
2. *അഴിയൂർ അമ്പലത്തിൽ കഴകക്കാരനായിരുന്ന എം. ഗോവിന്ദമാരാരുടെ കുറിപ്പുകൾ (അപ്രകാശിതം)*
3. *ഫാർദ്ദ് – ഭാരം (185 കി.ഗ്രാം)*
4. *M.P. Sreedharan, Mahe Through Centuries - 1978*